A ▮ 1005

# സമഗ്രശിക്ഷാ കേരളം

## പാദവാർഷിക മൂല്യനിർണയം 2023 - 24

## സാമൂഹ്യശാസ്ത്രം

ക്ലാസ് : X

സമയം : 2½ മണിക്കൂർ

ആകെ സ്കോർ : 80

**നിർദേശങ്ങൾ**

- ആദ്യത്തെ 15 മിനിട്ട് സമാശ്വാസ സമയമാണ്.
- ചോദ്യങ്ങളും നിർദേശങ്ങളും വായിച്ചു മനസിലാക്കിയതിനു ശേഷം ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

**1 മുതൽ 8 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 7 എണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 2 സ്കോർ വീതം.** **(7 × 2 = 14)**

1. മാനവവിഭവത്തിന്റെ ഗുണപരമായ സവിശേഷതകൾ എന്തെല്ലാം?
2. സ്റ്റാൻഡേർഡ് സമയം എന്നാലെന്ത്? ഏത് രേഖാംശത്തെയാണ് ഇന്ത്യയുടെ മാനക രേഖാംശമായി കണക്കാക്കുന്നത്?
3. ഐക്യരാഷ്ട്രസംഘടനയുടെ ലക്ഷ്യങ്ങൾ എന്തെല്ലാം?
4. അഖിലേന്ത്യാസർവീസിന്റെ സവിശേഷതകൾ എഴുതുക.
5. അമേരിക്കൻ സ്വാതന്ത്ര്യസമരത്തിൽ ഒന്നാം കോണ്ടിനെന്റൽ കോൺഗ്രസ് വഹിച്ച പങ്ക് വ്യക്തമാക്കുക.
6. മൊറോക്കൻ പ്രതിസന്ധിയെക്കുറിച്ച് ലഘു കുറിപ്പ് തയ്യാറാക്കുക.
7. ജനസംഖ്യാപഠനത്തിന്റെ പ്രാധാന്യമെന്ത്?
8. ഹേമന്തകാലത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം?

**9 മുതൽ 15 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 6 എണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 3 സ്കോർ വീതം.** **(6 × 3 = 18)**

9. ചൈന ഒരു ജനകീയ റിപ്പബ്ലിക്കായി മാറുന്നതിൽ മാവോ സെ തുംഗ് വഹിച്ച പങ്ക് വിശകലനം ചെയ്യുക.
10. ലോക്പാൽ, ലോകായുക്ത എന്നിവയുടെ പ്രവർത്തനങ്ങൾ എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു?
11. മൺസൂൺ കാറ്റുകളുടെ രൂപംകൊള്ളലിന് കാരണമാകുന്ന ഘടകങ്ങൾ ഏതെല്ലാം?
12. സമയനിർണയത്തിൽ ഗ്രീനിച്ച് രേഖയുടെ പ്രാധാന്യമെന്ത്?
13. കോളനിഭരണം ലാറ്റിനമേരിക്കയിലെ ജനജീവിതത്തെ ബാധിച്ചതെങ്ങനെ?
14. ഫാഷിസത്തിന്റെ സവിശേഷതകൾ എഴുതുക.
15. കാറ്റുകളുടെ ദിശയെ കോറിയോലിസ് ബലം സ്വാധീനിക്കുന്നതെങ്ങനെയെന്ന് വിശദമാക്കുക.

**16 മുതൽ 25 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 9 എണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 4 സ്കോർ വീതം.** **(9 × 4 = 36)**

16. 'എ' കോളത്തിന് അനുയോജ്യമായവ 'ബി' കോളത്തിൽ നിന്നും കണ്ടെത്തി ക്രമപ്പെടുത്തുക.

| എ | ബി |
|---|---|
| അഡോൾഫ് ഹിറ്റ്ലർ | ചേരിചേരാപ്രസ്ഥാനം |
| ബനിറ്റോ മുസ്സോളിനി | പാലസ്തീൻ വിമോചന സംഘടന |
| യാസർ അറഫാത്ത് | ഗസ്റ്റപ്പൊ |
| ഗമാൽ അബ്ദുൽ നാസർ | കരിങ്കുപ്പായക്കാർ |



www.educationobserver.com

17. റഷ്യൻ വിപ്ലവത്തിന്റെ ഫലങ്ങൾ എന്തെല്ലാം?

18. പൊതുഭരണത്തിന്റെ പ്രാധാന്യം വ്യക്തമാക്കുക.

19. മാനവവിഭവശേഷിവികസനത്തിന്റെ വിവിധ തലങ്ങൾ ഏതെല്ലാം?

20. അന്താരാഷ്ട്രദിനാങ്കരേഖയുടെ പ്രാധാന്യം വിശദമാക്കുക.

21. ചുവടെ നൽകിയിരിക്കുന്ന സൂചനകളിൽ നിന്നും പ്രാദേശിക വാതങ്ങൾ തിരിച്ചറിഞ്ഞ് പേരെഴുതുക.

എ) വടക്കേ അമേരിക്കയിലെ റോക്കി പർവതനിരയുടെ കിഴക്കൻ ചരിവിലൂടെ വീശുന്ന ഉഷ്ണ ക്കാറ്റ്.

ബി) ഉഷ്ണകാലത്ത് ഉത്തരേന്ത്യൻ സമതലങ്ങളിലൂടെ വീശുന്ന ഉഷ്ണക്കാറ്റ്.

സി) ആൽപ്സ് പർവതനിര കടന്ന് വടക്കൻ താഴ്‌വാരത്തേക്കു വീശുന്ന കാറ്റ്.

ഡി) ഉഷ്ണകാലത്ത് ദക്ഷിണേന്ത്യയിൽ വീശുന്ന പ്രാദേശികവാതം.

22. ഇ- ഗവേണൻസ് കൊണ്ട് പൊതുജനങ്ങൾക്കുള്ള നേട്ടങ്ങൾ എന്തെല്ലാം?

23. റയട്ട്വാരി വ്യവസ്ഥയുടെയും മഹൽവാരി വ്യവസ്ഥയുടെയും സവിശേഷതകൾ താരതമ്യം ചെയ്യുക.

24. ഉപോഷ്ണ ഉച്ചമർദമേഖലയും ഉപധ്രുവീയ ന്യൂനമർദമേഖലയും രൂപംകൊള്ളുന്നതെങ്ങനെ യെന്ന് വിശദമാക്കുക.

25. കുറിപ്പ് എഴുതുക.

(എ) ഉത്തരായനം

(ബി) ദക്ഷിണായനം

**26, 27 ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. ഓരോന്നിനും 6 സ്കോർ വീതം.** **(2 × 6 = 12)**

26. എ) ഫ്രഞ്ച് വിപ്ലവത്തിന്റെ കാരണങ്ങൾ വിവരിക്കുക.

**സൂചന:**

- ഫ്രഞ്ച് സമൂഹം
- ചിന്തകരും അവരുടെ ആശയങ്ങളും

**അല്ലെങ്കിൽ**

ബി) രണ്ടാം ലോകയുദ്ധത്തിന്റെ കാരണങ്ങളും ഫലങ്ങളും വിശദമാക്കുക.

27 എ) ആഗോളവാതങ്ങൾ ഏതെല്ലാം? ഏതെങ്കിലും ഒരു ആഗോളവാതത്തെക്കുറിച്ച് വിവരിക്കുക.

**അല്ലെങ്കിൽ**

ബി) ചുവടെ നൽകിയിരിക്കുന്ന അക്ഷാംശങ്ങളിൽ സൂര്യരശ്മി ലംബമായി പതിക്കുന്ന ദിവസങ്ങളേതെല്ലാം? ഈ ദിനങ്ങളുടെ പ്രത്യേകതകൾ വിവരിക്കുക.

- ഉത്തരായനരേഖ
- ഭൂമധ്യരേഖ
- ദക്ഷിണായനരേഖ